**Code No. : 012___**

# PRE BOARD EXAMINATION, FEBRUARY -2018

**CLASS: X Div.: ____** **Subject : MALAYALAM** **Time: 3Hrs**

**Date…………….** **MAX. MARKS: 80**

**Name…………………………………** **Roll No…….**

---

**THE QUESTION PAPER IS DIVIDED IN TO FOUR SECTIONS**

| | |
|---|---|
| **SECTION A: READING COMPREHENSION** | **10 MARKS** |
| **SECTION B: WRITING** | **16 MARKS** |
| **SECTION C: GRAMMAR** | **17 MARKS** |
| **SECTION D: LITERATURE** | **37 MARKS** |

## എ വിഭാഗം

1 താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ചു ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക 10

സൂര്യനിൽ നിന്ന് അനന്തമായി പ്രവഹിക്കുന്ന താപോർജം ഭൂമിയിൽ വന്നു തട്ടി വായുവിലൂടെ തിരിച്ച് ബാഹ്യാന്തരീക്ഷത്തിലേക്ക് മടങ്ങുന്ന സങ്കീർണമായ വ്യവസ്ഥയാണ് ജീവന്റെ നിലനില്പിന് ആധാരം.ഇത്തരത്തിലുള്ള വായുവിന്റെ ശീതോഷ്ണാവസ്ഥയുടെ സന്തുലിത ഭാവമാണ് ഇന്ന് അപകടത്തിലായിരിക്കുന്നത്.കൽക്കരി,എണ്ണ,വാതകം,വിറക് എന്നിവ നിരന്തരമായി കത്തിക്കുന്നതു മൂലം കാർബൺഡയോക്സയിഡ് അമിതമായ തോതിൽ വായു മണ്ഡലത്തിലേക്ക് വിസർജിക്കപ്പെടുന്നു.ആമസോണിൽ കൃഷിക്കും കാലിമേക്കലിനും വികസനത്തിനുമായി ഏക്കർ കണക്കിന് വനം ചുട്ടെരിക്കപ്പെട്ടു. ആറു മാസം നീണ്ടു നിന്ന ഈ ദഹനഫലമായി അമിത അളവിൽ കാർബൺഡയോക്സയിഡ് വാതകം വായുവിൽ കലർന്നു എന്നു ശാസ്ത്രജ്ഞൻമാർ കണക്കാക്കിയിരിക്കുന്നു.വായുവിന്റെ ശുദ്ധീകരണ പ്രക്രിയ നിരന്തരവും നിയതവുമായി നടത്തിക്കൊണ്ടിരിക്കുന്നത് ഭൂമിയുടെ പച്ചപ്പ് ആണ്.കാടും വനങ്ങളും ചെടികളും പുൽനാമ്പുകളും വരെ ഈ വിഷച്ചൂടിനെ ശുദ്ധീകരിക്കുന്നു.എന്നാൽ പച്ചപ്പിന്റെ തോത് ആണ് നിമിഷം കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വായു ശുദ്ധീകരണത്തിന്റെ താളം തെറ്റിത്തുടങ്ങിയിരിക്കുന്നു.

ചോദ്യങ്ങൾ

1 എന്താണ് ജീവന്റെ നിലനിൽപ്പിനാധാരം?

2 ആമസോണിൽ വനം ചുട്ടെരിച്ചത് എന്തിന്?

3 വായുവിന്റെ ശുദ്ധീകരണം എങ്ങനെയാണ് നടക്കുന്നത്?

4 എന്താണ് ഇന്ന് അപകടത്തിൽ എത്തിയിരിക്കുന്നത്?

5 ഈ ഖണ്ഡികക്ക് ഉചിതമായ ഒരു ശീർഷകം നിർദ്ദേശിക്കുക

## ബി വിഭാഗം

2 ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക 8

i. യുദ്ധം വരുത്തി വെയ്ക്കുന്ന വിനകൾ

ii. അനാഥമാവുന്ന വാർധക്യം

iii. ജീവിതാനുഭവങ്ങളും സാഹിത്യവും

3. "സുരക്ഷിത ജീവിതം ഓരോ വ്യക്തിയുടേയും ജന്മാവകാശമാണ്" എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കാൻ സർക്കാരിന്റെ പങ്കാളിത്തം ഉറപ്പു വരുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ജില്ലാ പോലീസ് സൂപ്രണ്ടിന് ഒരു കത്ത് തയ്യാറാക്കുക 8

## സി വിഭാഗം

4. പ്രയോഗം മാറ്റുക 2

i. അശ്വത്ഥാമാവ് അയാളെ ചവിട്ടിയുണർത്തി

ii. വെള്ളായിയപ്പൻ കടലാസ് പാറാവുകാരനെ ഏൽപ്പിച്ചു.

5. അംഗവാക്യവും അംഗി വാക്യവും വേർതിരിച്ചു എഴുതുക 2

i. ഹോമധൂപം മാവിന്റെ ഉയരത്തിൽ ചെല്ലുമ്പോൾ മാവ് പ്രീതിയോടെ മാങ്ങ പൊഴിച്ച് തരും.

ii. അക്ഷന്തവ്യമായ കൃതഘ്നതയോടെ പെരുമാറിയ മകനോട് അമ്മയ്ക്ക് ഒട്ടും വിരോധം തോന്നിയില്ല.

6 അർത്ഥ വ്യത്യാസം വരാതെ വിധി വാക്യത്തെ നിഷേധ വാക്യമാക്കുക 1

i. എനിക്ക് ആ വൃദ്ധയുടെ പരിതസ്ഥിതിയിൽ വളരെ സഹതാപം തോന്നി.

7 വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 1

1 ഇന്ന് ഞാൻ സർവ പാഞ്ചാലരെയും വാസുദേവൻ കാണെത്തന്നെ വധിച്ചു കാലനൂർ പൂകിക്കും.

8 പര്യായം എഴുതുക 2

i. മാവ്

(മാകന്ദം,ഹാസം,നേത്രം,രസാലം)

ii. യുദ്ധം

(ക്ഷീരം,രണം,രദനം,ആഹവം)

9 വിപരീതപദം എഴുതുക 2

i. രാഗം

(ദ്വേഷം,ഗണന,കൂടുതൽ,ദേഷ്യം)

ii. തന്ത്രം

(സമ്പന്നം,കുതന്ത്രം,സുഖം,സുതന്ത്രം)

10 അർത്ഥവ്യത്യാസം എഴുതുക 1

i. പരിണാമം - പരിമാണം

(ആരവം,മാറ്റം,കുഴൽ,അളവ്)

ii. ചോല - ചേല

(അരുവി,ആന,വസ്ത്രം,മുഖം)

11 നാനാർത്ഥം എഴുതുക 1

i. കോടി

(പുതുവസ്ത്രം,എണ്ണ,സംഖ്യ,തോഷം)

ii. സാരം

(സത്ത്,അഭിമാനം,അർഥം,വാർത്ത)

12 എതിർലിംഗം എഴുതുക 1

i. അനുരക്തൻ

(അധ്യാപക,അനുരക്ത,വിദ്യാർത്ഥ,അനുരക്തി)

ii. സന്യാസി

(സന്യാസ,യുവത,സന്യാസിനി,ഭാര്യ)

13 പിരിച്ചെഴുതി സന്ധി നിർണയിക്കുക 2

i. മന്ത്രോച്ചാരണം

ii. വിദ്യാഭ്യാസം

14 സമാസം നിർണയിക്കുക 2

i. കൗരവസഭ

ii. വഴിവിളക്ക്

## ഡി വിഭാഗം

15 വലയത്തിൽ നിന്നും ഉത്തരം എടുത്തെഴുതുക (1/2 മാർക്ക് വീതം)

i. ഭാരതപര്യടനം എന്ന കൃതി എഴുതിയതാര്? ½

(തകഴി,കേശവദേവ്,കുട്ടിക്കൃഷ്ണമാരാർ ,മാധവിക്കുട്ടി)

ii. താഴെ പറയുന്നവയിൽ കുമാരനാശാന്റെ കൃതി ഏത്? ½

(കരുണ,പിംഗള,ചിത്രയോഗം,കേശവീയം)

iii. സഞ്ചാരസാഹിത്യകാരൻ എന്ന് പ്രശസ്തനായ മലയാള സാഹിത്യകാരൻ ആര്? ½

(വള്ളത്തോൾ,പി.കുഞ്ഞിരാമൻ നായർ,കോവിലൻ,എസ.കെ.പൊറ്റെക്കാട്)

iv. ശരൺകുമാർ ലിംബാളെ ഏതു ഭാഷയിലെ സാഹിത്യകാരനാണ്? ½

(മറാത്തി,ബംഗാളി,തമിഴ്,മലയാളം)

v. തൂലിക പടവാളാക്കിയ കവി എന്നറിയപ്പെടുന്ന കവി ആര്? ½

(ഉള്ളൂർ,ചങ്ങമ്പുഴ,വയലാർ രാമവർമ,ഇടശ്ശേരി)

vi. 'അഗസ്ത്യഹൃദയം' എന്ന കവിത എഴുതിയതാര്? ½

(പി.എൻ.ദാസ്,വയലാർ,വി.മധുസൂദനൻ നായർ,ബഷീർ)

vii. 'ക്രോധം പരിത്യജിക്കേണം ബുധജനം' - ഇങ്ങനെ പറഞ്ഞതാര്? ½

(ദൈവം,ദേവകി,ശ്രീരാമൻ,ലക്ഷ്മണൻ)

viii. ദിഗ്വിജയത്തിനായി കവി വിട്ടയക്കുന്ന കുതിര ഏത്? ½

(സംഗീതം,സത്യം,സർഗശക്തി,മനുഷ്യത്വം)

ix. "അന്യജീവനുതകീ സ്വജീവിതം ½

ധന്യമാക്കുമമലേ വിവേകികൾ" - ആരാണ് ഇങ്ങനെ പറഞ്ഞത്?

(നളിനി,കർണൻ,ദുര്യോധനൻ,ദിവാകരൻ)

x. ഗുരുസാഗരം എന്ന കൃതി എഴുതിയതാര്? ½

(ഓ.വി.വിജയൻ,വള്ളത്തോൾ,കേശവദേവ്,ടി.പദ്മനാഭൻ)

16 മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക

i. വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഖമായി കഥാകൃത്ത് ചിത്രീകരിച്ചത് എങ്ങനെ? 4

ii. തനിക്കു സ്വർഗ്ഗപ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിച്ചതിന്റെ പൊരുൾ എന്ത്? 4

iii. "വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വെച്ച് വൃക്ഷമായത് മാവ് തന്നെയാണ്" ലേഖകൻ ഈ പ്രസ്താവനയെ സമർത്ഥിക്കുന്നതെങ്ങനെ? 4

iv. അമ്മയുടെ എഴുത്തുകളിൽ നിന്ന് കവിക്ക് പകർന്നു കിട്ടിയ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? 4

v. ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്തുന്നതിന് ശ്രീരാമൻ പറഞ്ഞ കാര്യങ്ങൾ എന്തെല്ലാം? 4

vi. "പോയതൊക്കെയഥവാ നമുക്കയെ 4
പ്രായവും സപദി മാറി കാര്യവും" -ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക

17 ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

i. ചട്ടമ്പിസ്വാമികളുടെ ജീവിതസന്ദേശം എന്തായിരുന്നു? 4

ii. കേരളീയ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികൾ വഹിച്ച പങ്ക് എന്ത്? 4

iii. 'വിജ്ഞാനദാഹിയായ വിപ്ലവകാരി' എന്ന് ചട്ടമ്പിസ്വാമികൾ അറിയപ്പെടാൻ കാരണം എന്ത്? 4